**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശൂർ നഗരസഭ - 'സരോവരം' അപ്പാർട്ട്മെന്റിലെ അനധികൃത നിർമ്മാണം - വിജിലൻസ് അന്വേഷണ റിപ്പോർട്ട് - നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. എം.ആർ. അഭിലാഷിനെതിരായ നടപടികൾ അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.==================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 886/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 24.03.2015

==================================================================

പരാമർശം:-

1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 02.06.2010 തീയതിയിലെ E8(SC 13/09 TSR) 26306/09 നമ്പർ കത്ത്.
2) 29.11.2010 തീയതിയിലെ 55691/ഇയു1/10/തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.
3) കുറ്റാരോപണ മെമ്മോയ്ക്കുള്ള ശ്രീ. എം.ആർ. അഭിലാഷിന്റെ 07.03.2011 തീയതിയിലെ പ്രതിവാദ പത്രിക.
4) നഗരകാര്യ ഡയറക്ടറുടെ 25.09.2014 തീയതിയിലെ വി2-18296/10/നകവ.. നമ്പർ കത്ത്.

**ഉത്തരവ്**

തൃശൂർ നഗരസഭാ പരിധിയിലുള്ള 'സരോവരം' അപ്പാർട്ട്മെന്റിലെ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ചുള്ള പരാതിയിൽ വിജിലൻസ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിൽ സരോവരം അപ്പാർട്ട്മെന്റിന്റെ ഉടമ നഗരസഭയുടെ അനുമതിയില്ലാതെ 140 mm വ്യാസത്തിൽ 3 കുഴൽ കിണറുകൾ കുഴിച്ച് സെപ്റ്റിക്ക് ടാങ്കിലെ മലിനജലം ശേഖരിച്ചതായും, 1.30 മീറ്റർ നീളത്തിൽ ഒരു സോക്പിറ്റ് നിർമ്മിക്കുകയും ആയതിന്റെ ഔട്ട്ലറ്റ് പൈപ്പ് പൊതു അഴുക്ക് ചാലിലേക്ക് 200 mm വ്യാസത്തിലുള്ള PVC പൈപ്പ് വഴി നിയമവിരുദ്ധമായി കോർപ്പറേഷൻ റോഡിലൂടെ നൽകിയിരുന്നതായും കണ്ടെത്തിയിരുന്നു. ഇക്കാര്യത്തിൽ അപ്പാർട്ട്മെന്റ് ഉടമയ്ക്ക്, KMA സെക്ഷൻ 337 പ്രകാരം അനധികൃത നിർമ്മാണം നീക്കുന്നതിന് നോട്ടീസ് നൽകിയെങ്കിലും ഇക്കാര്യത്തിൽ തൃശൂർ നഗരസഭ തുടർ നടപടി സ്വീകരിച്ചില്ലായെന്ന് ഇക്കാര്യത്തിന്മേലുള്ള വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

ഇത്തരത്തിൽ സെപ്റ്റിക്ക് ടാങ്ക് മാലിന്യങ്ങൾ കിണറുകളിൽ ശേഖരിച്ചും, സോക്ക്പിറ്റിലെ മാലിന്യങ്ങൾ പൊതു അഴുക്കുചാലിൽ ഒഴുക്കിയും പൊതുജന ആരോഗ്യത്തിന് ഹാനികരമായ രീതിയിൽ അനധികൃത പ്രവർത്തനങ്ങൾ നടത്തിയിട്ടും പ്രസ്തുത പ്രവർത്തനങ്ങൾ നിർത്തുന്നതിന് നടപടി സ്വീകരിക്കാതിരുന്നതിന് നഗരസഭാ' സെക്രട്ടറിയായിരുന്ന ശ്രീ.എം.ആർ. അഭിലാഷിന് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു.

കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ.എം.ആർ. അഭിലാഷ് പരാമർശം (3) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിരുന്നു. ശ്രീ.എം.ആർ. അഭിലാഷ് മരണപ്പെട്ടുപോയിട്ടുള്ളതാണെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. കുറ്റാരോപിതനായ ശ്രീ.എം.ആർ. അഭിലാഷ് മരണപ്പെട്ടുപോയതിനാൽ ഈ വിഷയത്തിൽ ടിയാനെതിരായ അച്ചടക്ക നടപടികൾ അവസാനിപ്പിച്ച് ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,**

**ഫിന്നി സക്കറിയ,**
**അഡീഷണൽ സെക്രട്ടറി**

അക്കൗണ്ടന്റ് ജനറൽ (എ&ഇ) ഓഡിറ്റ്, തൃശൂർ ബ്രാഞ്ച്
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
സെക്രട്ടറി, തൃശൂർ നഗരസഭ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**